"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - ശ്രീ.ആനന്ദ് . വി.എസ്-ന് വനം വന്യ ജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിനു അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് (ഭരണം) അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.**8/2026/LBR** തീയതി,തിരുവനന്തപുരം, **24-02-2026**

---

പരാമർശം:-
1. സ.ഉ(പി)നം.**12/1999**/ഉ.ഭ.പ.വ. തീയതി **24.05.1999**
2. സ.ഉ(എം.എസ്)നം.**5/2018**/ഉ.ഭ.പ.വ തീയതി **21.02.2018.**
3. സ.ഉ.(കൈ)നം. **11/2021**/തൊഴിൽ തീയതി **08.02.2021**
4. ശ്രീ.ആനന്ദ്. വി.എസ് ന്റെ **21.03.2025** ലെ അപേക്ഷ.
5. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **23.12.2024** ലെ ഇ**2-4261/2024**/ഡി.ഐ.എം.എസ് നമ്പർ കത്ത്.
6. സ.ഉ.(അച്ചടി)നം.**4/2025**/പി.എ.ആർ.ഡി തീയതി **29.03.2025**
7. **17.02.2026** ലെ എസ്.ഡി.**3/18/2025**- പൊ.ഭ.വ നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ യു.ഡി.ക്ലർക്ക് ആയിരിക്കെ മരണമടഞ്ഞ വിക്രമൻ നായരുടെ മകൻ ശ്രീ.ആനന്ദ്. വി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നാളിതുവരെ നിയമനം ലഭിക്കാത്തതിനാൽ വനം വകപ്പിൽ (കൊല്ലം ജില്ല) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം ശ്രീ.ആനന്ദ്.വി.എസ് സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ബീറ്റ് ഫോറസ്റ്റ് ആഫീസർ തസ്തികയിലേയ്ക്ക് പരിഗണിയ്ക്കുന്നതിന് ശ്രീ.ആനന്ദ്.വി.എസ് യോഗ്യനാണെന്നും ആയതിനാൽ ടി വ്യക്തിയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാവുന്നതാണെന്നും വനം വന്യ ജീവി വകുപ്പ് അറിയിച്ചിട്ടുണ്ട്. വകുപ്പ് മാറ്റത്തിനായി

ശ്രീ.ആനന്ദ്.വി.എസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിന് നൽകുകയുണ്ടായി. ശ്രീ.ആനന്ദ്.വി.എസ് ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമനം നൽകാവുന്നതാണെന്ന് പരാമർശം (7) പ്രകാരം പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ് അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നൽകിയിട്ടും നിയമനം ലഭിയ്ക്കാത്ത സാഹചര്യത്തിൽ പരാമർശം (4) ലെ അപേക്ഷ പരിഗണിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, ശ്രീ.ആനന്ദ്.വി.എസ് -ന് വനം വന്യ ജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ഭരണം) അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ഈ നിയമനം ഇപ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും സമാശ്വാസ തൊഴിൽ ദാന പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയായിരിക്കും.

3) ശ്രീ.ആനന്ദ്.വി.എസ് തിരഞ്ഞെടുത്ത ജില്ല കൊല്ലം ആയതിനാൽ പരാമർശം (6) ഉത്തരവിലെ ഖണ്ഡിക XVIII (2) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ടിയാൻ അർഹനാണ്. ഓപ്ഷൻ നൽകിയ ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിൽ ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ, ഭാവിയിൽ തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക്, സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കും. ആയതിനാൽ വനം വന്യ ജീവി വകുപ്പിൽ ഉദ്യോഗാർത്ഥി തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് (പ്രസ്തുത ജില്ല ഓപ്ഷനായി നൽകിയ മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്തപക്ഷം ഉടൻ തന്നെയും, ഉണ്ടെങ്കിൽ സീനിയോറിറ്റി ക്രമമനുസരിച്ചും), സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് തന്നെ ടിയാനെ തിരഞ്ഞെടുത്ത ജില്ലയിലേക്ക് (District of option) സ്ഥലംമാറ്റി നിയമിക്കേണ്ടതാണ്.

4) ശ്രീ.ആനന്ദ്.വി.എസ് -നെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5) അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷമോ നിയമനം ലഭിച്ച ശേഷമോ ബോദ്ധ്യപ്പെടുന്ന പക്ഷം സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം

സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ആനന്ദ്.വി.എസ്, കാർത്തിക, പാരിപ്പള്ളി പി.ഒ, കൊല്ലം **691 571** (റജിസ്റ്റേർഡ് തപാലിൽ)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
വനം വന്യ ജീവി (എഫ്) വകുപ്പ് (**29.01.2026** ലെ **F3/101/2025/F&WLD** പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 24-02-2026 15:51:02
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.